കെ. എസ്. ആർ. ടി. സി. യിൽ ശമ്പളപരിഷ്കാരത്തോടൊപ്പം ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഇല്ല. എന്നാൽ ഓരോ ജീവനക്കാരനും ചെയ്തു തീർക്കേണ്ടതായ ജോലി നിജപ്പെടുത്തുവാൻ ഉദ്ദേശമുണ്ട്.

തിരുവനന്തപുരം റബ്ബർ ഫാക്ടറിയിൽ നിന്ന് പെൻഷനായവർ

1376 [2057] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :

,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റബ്ബർ ഫാക്ടറി കെ. എസ്. ആർ. ടി. സി. ഏറ്റെടുത്തതിനുശേഷം അവിടെ നിന്ന് എത്ര പേർ പെൻഷനായി ;

(ബി) അതിൽ എത്ര പേർക്ക് ഗ്രാറ്റുവിറ്റിയും പ്രോവിഡൻറ് ഫണ്ടും കൊടുത്തിട്ടുണ്ട് ; കൊടുത്തിട്ടുള്ളവർക്ക് മുഴുവൻ തുകയും കൊടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അവർക്ക് എല്ലാ ആനുകൂല്യവും കൊടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അവ എന്താണെന്ന് വിശദീകരിക്കാമോ ;

(ഇ) ഇവർക്ക് ആനുകൂല്യം എത്രയും വേഗം കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 24 പേർ.

(ബി) ആർക്കും ഗ്രാറ്റുവിറ്റി കൊടുത്തിട്ടില്ല. 31-3-1986-വരെ പെൻഷനായവരുടെ മുഴുവൻ പ്രോവിഡൻറ് ഫണ്ട് വിഹിതവും റീജിയണൽ പ്രോവിഡൻറ് ഫണ്ട് ആഫീസിൽ അടച്ചിട്ടുണ്ട്. ആ തുക റീജിയണൽ പ്രോവിഡണ്ട് ഫണ്ട് കമ്മീഷണറാണ് വിതരണം ചെയ്യേണ്ടത്.

(സി) പെൻഷനായവരുടെ ഗ്രാറ്റുവിറ്റി തുക നൽകുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി), (ഇ) ഗ്രാറ്റുവിറ്റി നൽകുന്നതിന് പത്തുലക്ഷം രൂപ സപ്ലിമെൻററി ഡിമാൻറിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക ലഭ്യമായാൽ എത്രയും വേഗം പെൻഷൻ പറ്റിയവരുടെ ഗ്രാറ്റുവിറ്റി സംഖ്യ നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

നെയ്യാറ്റിൻകരയിൽ നിന്നും പാറശാലയിൽ നിന്നും മായത്തേക്ക് ബസ് സർവ്വീസ്

1377. [2058] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകരയിൽ നിന്നും പാറശാലയിൽ നിന്നും രണ്ടു ബസ് സർവ്വീസുകൾ പെരുങ്കടവിള, മണ്ഡപത്തിൻകടവ്, അമ്പൂരി വഴി മായം

LIBRARY ARCHIVES Kerala Legislative Assembly

എന്ന സ്ഥലത്തേക്ക് അനുവദിക്കണമെന്ന് പുരവിമല ട്രൈബൽ സ്കൂൾ ഹെഡ്മാസ്റ്റർ നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഈ ബസ് സർവ്വീസ് തുടങ്ങിയോ ;

(ഡി) ഇല്ലെങ്കിൽ ബസ് സർവ്വീസ് തുടങ്ങാതിരിക്കുന്നതിന്റെ കാരണമെന്താണ് ;

(ഇ) താൻമുക്കുവരെ പോകുന്ന ബസ് സർവ്വീസ് റോഡിന്റെ പണി തീർന്ന സാഹചര്യത്തിൽ മായം വരെ പഴയപടി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിമിതമായ വിഭവശേഷി വെച്ചുകൊണ്ട് പ്രസ്തുത റൂട്ടിൽ പുതിയ സർവ്വീസുകൾ ആരംഭിക്കാൻ തൽക്കാലം നിർവ്വാഹമില്ല. എന്നാൽ നെയ്യാറിൻകരയിൽ നിന്നും ഓപ്പറേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന "നെയ്യാറിൻകര അമ്പൂരി" ബസ് സർവ്വീസ് മായത്തേക്ക് നീട്ടുന്ന കാര്യം കോർപ്പറേഷന്റെ സജീവ പരിഗണനയിലുണ്ട്.

(സി) ഇല്ല.

(ഡി) ബി യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിശോധിക്കാം.

കെ. എസ്. ആർ. ടി. സി. കണ്ടക്ടർ തസ്തികയിലെ എസ്. സി./എസ്. ടി. പ്രാതിനിധ്യം

1378 [2059] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. കണ്ടക്ടർ തസ്തികയിൽ എസ്. സി./എസ്. ടി. പ്രാതിനിധ്യം നിശ്ചിത തോതിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പ്രാതിനിധ്യം നികത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമിക്കുന്നതിനുള്ള ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) അപ്രകാരം നടപടി സ്വീകരിക്കുന്നതിനും നിയമനം നടത്തുന്നതിനും സാങ്കേതിക തടസ്സം വല്ലതുമുണ്ടോ ?

ഉത്തരം

(എ), (ബി) നിശ്ചിതതോതിൽ പ്രാതിനിധ്യമില്ലാത്തതുകാരണം സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly